കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - മാതൃ വകുപ്പായ ഗ്രാമവികസന വകുപ്പിലേയ്ക്ക് സീനിയോറിറ്റി പുനഃസ്ഥാപിച്ച് തിരികെ വരുന്നതിന് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ആയ ശ്രീ.നീലകണ്ഠൻ സമർപ്പിച്ച അപേക്ഷ - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 31.08.2015ലെ O.A(EKM) 719/2015-മേലുള്ള വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ)നമ്പർ.3885/2015/ തസ്വഭവ, തിരുവനന്തപുരം, തീയതി, 29.12.2015

---

പരാമർശം :- 1. സ.ഉ.(പി) നം.19/2013/പി ആന്റ് എആർഡി, തീയതി 14.06.2013.

2. ശ്രീ.നീലകണ്ഠൻ.ടി, ജൂനിയർ ഇൻസ്പെക്ടർ, സഹകരണം. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ഒറ്റപ്പാലം 27.07.2015-ൽ സമർപ്പിച്ച അപേക്ഷ (A6)

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 31.08.2015ലെ O.A(EKM) 719/2015-മേലുള്ള ഉത്തരവ്.

4. ഗ്രാമവികസന കമ്മീഷണറുടെ 29.10.2015 തീയതിയിലെ 18318/എസ്റ്റാ.ബി2/15/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ആയി ജോലി നോക്കി വരുന്ന ശ്രീ.നീലകണ്ഠൻ.റ്റി. തനിക്ക് മാതൃവകുപ്പായ ഗ്രാമവികസന വകുപ്പിൽ സീനിയോരിറ്റി പുനഃസ്ഥാപിച്ച് കൊണ്ട് തിരികെ വരുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് 19.07.2014-ൽ ഗ്രാമവികസന കമ്മീഷണർക്ക് നൽകിയ അപേക്ഷ അനുകൂലമായി പരിഗണിക്കപ്പെടാത്തതിനാൽ തന്റെ ഗ്രാമവികസനവകുപ്പിലെ സീനിയോരിറ്റി നിലനിർത്തി തിരികെ മാതൃവകുപ്പിൽ (ഗ്രാമവികസന വകുപ്പിൽ) പുനഃപ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട കൊണ്ട് പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ സർക്കാർ പരിശോധിച്ച വരവെ ഈ വിഷയം സംബന്ധിച്ച് ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ O.A.(EKM)719/2015 ഫയൽ ചെയ്യുകയുണ്ടായി. പരാമർശം (3)ലെ ഉത്തരവ് പ്രകാരം,

വിധി പകർപ്പ് ലഭിച്ച് 3 മാസത്തിനകം ടി അപേക്ഷകനെ നേരിൽ കേട്ട് പരാമർശം (2) പ്രകാരമുള്ള ടിയാന്റെ അപേക്ഷ തീർപ്പാക്കുവാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം 02.12.2015ൽ ശ്രീ.റ്റി.നീലകണ്ഠനെ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

ശ്രീ.നീലകണ്ഠൻ നിലവിൽ സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ ആയി ജോലി നോക്കി വരുന്നു എന്നും മാതൃവകുപ്പായ ഗ്രാമവികസന വകുപ്പിൽ പുനഃപ്രവേശനത്തിനായി ഒറ്റപ്പാലം സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് മുഖേന 19.07.2014ലെ അപേക്ഷ ഗ്രാമവികസന വകുപ്പിൽ നൽകുകയുണ്ടായെന്നും എന്നാൽ ഗ്രാമവികസന വകുപ്പിൽ നിന്ന് വിടുതൽ ചെയ്തിട്ട് 09.09.2014-ന് അഞ്ച് വർഷം പൂർത്തീകരിച്ചതിനാൽ, കെ.എസ്. ആന്റ് എസ്.എസ്.ആർ.റൂൾ 8 രണ്ടാം ഭേദഗതി പ്രകാരം ഏറ്റവും ജൂനിയർ ആയി മാത്രമേ പുന-പ്രവേശനം അനുവദിക്കുകയുള്ളുവെന്നും ഗ്രാമവികസന കമ്മീഷണർ മറുപടി നൽകിയിരുന്നുവെന്നും, തന്റേതല്ലാത്ത കാരണം കൊണ്ടാണ് അപേക്ഷ യഥാസമയം ഗ്രാമവികസന വകുപ്പിൽ എത്താൻ വൈകിയതെന്നും, സഹകരണ രജിസ്ട്രാറും തന്റെ സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് പുനഃപ്രവേശന അപേക്ഷ പരിഗണിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടെന്നും, ആയതിനാൽ ഗ്രാമവികസന വകുപ്പിൽ തന്റെ സീനിയോറിറ്റി നിലനിർത്തി പുനഃപ്രവേശിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും ടിയാൻ ഹിയറിംഗ് സമയത്ത് ആവശ്യപ്പെടുകയുണ്ടായി.

അപേക്ഷകന്റെ 27.7.2015-ലെ അപേക്ഷയിൽ (A6)മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ, ഗ്രാമവികസന കമ്മീഷണറുടെ 27.06.1997-ലെ എസ്റ്റാ.ബി2/20184/97/ സിആർഡി നമ്പർ ഉത്തരവ് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2 ആയി ജോലിയിൽ പ്രവേശിച്ച ശ്രീ.റ്റി.നീലകണ്ഠൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 ആയി സ്ഥാനക്കയറ്റം ലഭിക്കുകയും തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സഹകരണ വകുപ്പിൽ

ജൂനിയർ ആഡിറ്റർ ആയി നിയമനം ലഭിച്ചതിനെ തുടർന്ന് ഗ്രാമവികസന കമ്മീഷണറുടെ 10.09.2009-ലെ 24385/എസ്റ്റാബി2/09/സിആർഡി നമ്പർ ഉത്തരവ് പ്രകാരം ടിയാളെ 10.09.2009 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഗ്രാമവികസന വകുപ്പിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തിരുന്നുവെന്നും, ടിയാൻ ഗ്രാമവികസന വകുപ്പിലേക്ക് മടങ്ങി വരുന്നതിനായി സമർപ്പിച്ച അപേക്ഷ 15.10.2014-നാണ് ഗ്രാമവികസന കമ്മീഷണറേറ്റിൽ ലഭ്യമായതെന്നും, അപ്പോൾ ശ്രീ.റ്റി.നീലകണ്ഠൻ ഗ്രാമവികസന വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ട് 5 വർഷം പൂർത്തിയാക്കി കഴിഞ്ഞിരുന്നുവെന്നും മേൽ സാഹചര്യത്തിലാണ് ഗ്രാമവികസന കമ്മീഷണറുടെ 12.03.2015ലെ 21015/എസ്റ്റാ.ബി2/14/സിആർഡി നമ്പർ നടപടിക്രമം പ്രകാരം ടിയാൾക്ക് പരാമർശം (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ജൂനിയറായി പുനഃപ്രവേശനം നൽകി ഉത്തരവായതെന്നും ഉത്തരവ് തീയതി മുതൽ ഒരു മാസക്കാലയളവാണ് ടിയാൾക്ക് മടങ്ങി വരാനായി അനുവദിച്ചിരുന്നതെന്നും 19.07.2014-ന് ടിയാൾ അപേക്ഷ നൽകി എന്ന് രജിസ്ട്രാറുടെ കത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും 5 വർഷം പൂർത്തിയാകുന്നതിനു മുമ്പ് ഒരു മുൻകൂർ കോപ്പി പോലും ഗ്രാമവികസന വകുപ്പിലേക്ക് സമർപ്പിക്കാതെ ഗവൺമെന്റ് ഉത്തരവിനു വിരുദ്ധമായി 19.07.2014 കണക്കാക്കി സീനിയോറിറ്റി നിലനിർത്തി നൽകണം എന്ന ടിയാളുടെ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുമായിരുന്നില്ലായെന്നും കൂടാതെ പുനഃപ്രവേശത്തിനായി ടിയാൾക്ക് അനുവദിച്ചിരുന്ന സമയപരിധി 11.04.2015-ന് അവസാനിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.റ്റി.നീലകണ്ഠൻ ഗ്രാമവികസന വകുപ്പിൽ നിന്നും വിടുതൽ വാങ്ങിപ്പോയത് 10.09.2009-നാണ്. അതിനു ശേഷം മാതൃവകുപ്പിലേയ്ക്ക് മടങ്ങി വരാൻ KS&SSR ഭാഗം II ചട്ടം 8 പ്രകാരം സമർപ്പിച്ച അപേക്ഷ ഗ്രാമവികസന വകുപ്പിൽ ലഭ്യമായത് 15.10.2014-ൽ (5 വർഷത്തിനു ശേഷം). 5 വർഷം കാലാവധി പൂർത്തിയാകുന്നതിന് മുൻപ് മാതൃവകുപ്പിലേയ്ക്ക് മടങ്ങി പോകുന്നതിന് സഹകരണ വകുപ്പിൽ അപേക്ഷ നൽകിയിരുന്നുവെന്ന ടിയാന്റെ വാദം ചട്ട പ്രകാരം നിലനിൽക്കുന്നതല്ല. ആയതിനാൽ ശ്രീ.നീലകണ്ഠന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിലെ

സീനിയോറിറ്റി നിലനിർത്തി പുനഃപ്രവേശനം നൽകണമെന്ന ആവശ്യം നിലവിലെ നിയമങ്ങളുടെയടിസ്ഥാനത്തിൽ പരിഗണിക്കാൻ കഴിയില്ല. ശ്രീ.റ്റി.നീലകണ്ഠൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിൽ നിന്ന് വിട്ടതൽ റാങ്കിയാണ് സഹകരണ വകുപ്പിൽ ജൂനിയർ കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ആയി ജോലിയിൽ പ്രവേശിച്ചത് ആയതിനാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിൽ- ജൂനിയർ മോസ്റ്റായി നിയമനം നൽകുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.(EKM)719/2015 -മേലുള്ള 31.08.2015-ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ.റ്റി.
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ശ്രീ.നീലകണ്ഠൻ.ടി. ജൂനിയർ ഇൻസ്പെക്ടർ, സഹകരണ സംഘം
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ഒറ്റപ്പാലം
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (with C/L)
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ